**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 869** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ നായാടി വിഭാഗക്കാരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ദുർബല വിഭാഗമായ നായാടി വിഭാഗത്തിലുള്ള എത്ര കുടുംബങ്ങളുണ്ടെന്ന് വിശദമാക്കാമോ; | (എ) | 48 കുടുംബങ്ങൾ ഉണ്ട്. |
| (ബി) | ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം മണ്ഡലത്തിലെ പ്രസ്തുത വിഭാഗങ്ങൾക്ക് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഭവന നിർമ്മാണം, ഭൂരഹിത പുനരധിവാസം, ഭവന പുനരുദ്ധാരണം, പഠനമുറി നിർമ്മാണം, കൃഷി ഭൂമി അനുവദിക്കൽ, ടോയ്‌ലറ്റ് നിർമ്മാണം, സ്വയംതൊഴിൽ ധനസഹായം തുടങ്ങിയ ഉപപദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ കടപ്പുറം ഗ്രാമപഞ്ചായത്തിലെ നായാടി വിഭാഗത്തിലുള്ള കുടുംബങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇവരുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | കടപ്പുറം പഞ്ചായത്തിൽ ആകെയുള്ള നാല് നായാടി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം നിർമ്മിച്ച് നൽകി വീടുകൾ കാലപ്പഴക്കംമൂലം നിലവിൽ ജീർണാവസ്ഥയിലാണ്. ഭവനരഹിതരുടെ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ പ്രസ്തുത കുടുംബങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത പട്ടികയിൽ ടി കുടുംബങ്ങളെ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ